# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 582 | 30/6/2016 -ൽ മറുപടിക്ക്

## നെടുമങ്ങാട് മണ്ഡലത്തിലെ അർബൻ വാട്ടർ സപ്ലൈ സ്കീം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. സി.ദിവാകരൻ | | ശ്രീ. മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ നിലവിലുള്ള പദ്ധതിയായ അർബൻ വാട്ടർ സപ്ലൈ സ്കീം വിപുലീകരിച്ച് പത്ത് ദശലക്ഷം യൂണിറ്റായി ഉയർത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ; | (എ) | നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നിലവിലുള്ള 13.70 ദശലക്ഷം ലിറ്റർ ശേഷിയുള്ള അർബൻ വാട്ടർ സപ്ലൈ സ്കീം വിപുലീകരിക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| (ബി) നാൽപ്പത് വർഷം മുമ്പ് സ്ഥാപിച്ച എ.സി. പൈപ്പ് മാറ്റി പുതിയ പൈപ്പ് സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ബി) | നാൽപ്പത് വർഷം മുമ്പ് സ്ഥാപിച്ച എ.സി. പൈപ്പുകളിൽ 3464 മീറ്റർ 150 എം.എം എ.സി പൈപ്പും 4696 മീറ്റർ 100 എം.എം എ.സി പൈപ്പും ചേർത്ത് ആകെ 8160 മീറ്റർ എ.സി പൈപ്പുകൾ ഇതുവരെ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 3450 മീറ്റർ എ.സി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് മൂന്ന് വർക്കുകളിലായി 24.40 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി വരുന്ന ഏകദേശം 25 കി.മീ. ദൈർഘ്യത്തിലുള്ള പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

JSK/